**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*85.** **30.01.2019 ൽ മറുപടിയ്ക്ക്**

**ലഹരി വ്യാപാരം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഐ.ബി.സതീഷ്<br>ശ്രീമതി.യു.പ്രതിഭ<br>ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | 2018-ൽ സംസ്ഥാനത്താകെ എണ്ണൂറ് കോടിയുടെ ലഹരി പദാർത്ഥങ്ങൾ പിടിച്ചെടുത്തെന്നത് എക്സൈസ് വകുപ്പിന്റെ കാര്യക്ഷമത വെളിവാക്കുമ്പോൾത്തന്നെ മയക്കമരുന്ന് വ്യാപാരത്തിന്റെ വൈപുല്യവും സൂചിപ്പിക്കുന്നതായതിനാൽ ലഹരി വ്യാപാരത്തിന്റെ വേരറുക്കാൻ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാനും വിപുലീകരിക്കാനുമായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | ലഹരി പദാർത്ഥങ്ങളുടെ വ്യാപനവും ഉപഭോഗവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ചെക്ക്പോസ്റ്റുകളിൽ ശക്തമായ പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന തമിഴ്നാട് കർണാടക സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ബന്ധപ്പെട്ട് ബോർഡർ പട്രോളിംഗും, സംസ്ഥാനത്തിനകത്ത് പോലീസ്, വനം, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. എന്നീ വകുപ്പുകളുമായി ഏകോപിച്ചുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ലഹരി വ്യാപനം തടയുന്നതിന് ശക്തമായ നടപടികൾ എടുത്തുവരുന്നുണ്ട്.<br>എക്സൈസ് വകുപ്പിന്റെ അംഗബലം കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയുമുണ്ടായി. കൂടുതൽ വനിതാ ജീവനക്കാരെ എക്സൈസ് സേനയിൽ നിയമിച്ചു. ഉത്തരമേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിച്ചിട്ടുണ്ട്. വനിതാ പട്രോളിംഗ് സ്ക്വാഡിനായി 100 സ്കൂട്ടറുകൾ പുതുതായി അനുവദിച്ചു. ക്രൈം രജിസ്ട്രേഷനായി വെബ് ബെയ്സ്ഡ് |

| | | | |
|---|---|---|---|
| | | | ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ സ്ഥാപിച്ചു. ഓഫീസുകളിലേക്ക് പുതിയ കംമ്പ്യൂട്ടറുകൾ വിതരണം ചെയ്യുകയും പാലക്കാട്, എറണാകുളം ജില്ലകളിൽ 2 കോടി രൂപയ്ക്ക് വയർലസ് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു.<br>എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവുമാക്കാൻ സി.സി. റ്റി.വി. ക്യാമറ സംവിധാനം, പ്രധാനപ്പെട്ട 20 എക്സൈസ് ചെക്ക് പോസ്റ്റുകളുടെ കംമ്പ്യൂട്ടർവത്ക്കരണം, 20 മോട്ടോർ ബൈക്കുകൾ എന്നിവ അനുവദിക്കുകയും റിഫ്ളക്റ്റീവ് ജാക്കറ്റ് ട്രാഫിക് കോൺ, ഡസ്റ്റ്മാസ്ക്, കുട എന്നിവ വിതരണം ചെയ്യുകയും, ചെക്ക്പോസ്റ്റുകളിൽ എൽ.ഇ.ഡി. സൈൻ ബോർഡുകളും, 25 ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാംമ്പുകളും, മുത്തങ്ങ, ചിന്നാർ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് ഫെസിലിറ്റിയും സ്ഥാപിക്കുകയും ചെയ്തു. |
| (ബി) | എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതോടൊപ്പം യുവാക്കൾ ലഹരി പദാർത്ഥങ്ങൾക്കും മയക്കമരുന്നിനും മദ്യത്തിനും അടിമകളാകാതിരിക്കാനുള്ള പ്രചാരണ പരിപാടികൾ ജനകീയ പ്രസ്ഥാനമാക്കിത്തീർക്കാൻ വേണ്ട പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുള്ളതാണ്.<br>സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ കോളേജ് തലത്തിൽ 511 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br>ലഹരിക്കെതിരെ "കായിക ലഹരി" എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികളെയും യുവാക്കളെയും കായികരംഗത്തേക്ക് കൈപിടിച്ചു |

| | | | |
|---|---|---|---|
| | | | നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ മറ്റ് സ്പോർട്സ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ചു കൊണ്ട് നടത്തി വരുന്നു.<br>വിമുക്തി മിഷന്റെ ഭാഗമായി ബോധവത്കരണ ക്ലാസുകൾ, തെരുവ് നാടകം, പാവനാടകം, മാജിക് ഷോ, ഓട്ടൻ തുള്ളൽ, കളരിപ്പയറ്റ്, ലഹരി വിരുദ്ധ റാലി, ഫിലിം ഷോ, ലഹരി വിരുദ്ധ സദസ്സ് തുടങ്ങിയ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർഥികൾക്കായി ക്വിസ്സ്, ചിത്രരചന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുന്നുണ്ട്. |
| (സി) | ഓൺലൈൻ മയക്കുമരുന്ന് വ്യാപാരം വ്യാപകമാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇത് തടയുന്നതിനായി ആധുനിക സംവിധാനം ഏർപ്പെടുത്തി ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിനും വാഹന പരിശോധന കർശനമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളുടെ ആധുനികവത്കരണത്തിനായി 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സംവിധാനം, കമ്പ്യൂട്ടർവത്ക്കരണം, ചെക്ക് പോസ്റ്റുകളിലെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുവാനായി 20 മോട്ടോർ ബൈക്കുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.<br>ഓൺലൈൻ സാങ്കേതിക വിദ്യ സംവിധാനങ്ങൾ ഉപയോഗിച്ച് ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഷാഡോ, ഇന്റലിജൻസ് സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി വരുന്നതിനൊപ്പം കർശനമായ വാഹന പരിശോധനകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ